# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4868 04.07.2012 ൽ മറുപടിയ്ക്ക്**

## അന്തർസംസ്ഥാന നദീജല കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| **(എ)** അന്തർസംസ്ഥാന നദീജല പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ കേരളം കക്ഷിയായിട്ടുള്ള എത്ര കേസ്സുകൾ ബഹു. സുപ്രീം കോടതിയുടെ മുൻപാകെയുണ്ട്; വിശദമാക്കുമോ; | **(എ)** അന്തർസംസ്ഥാന നദീജല പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിൽ ഇപ്പോൾ താഴെ പറയുന്ന രണ്ട് കേസുകൾ നിലവിലുണ്ട്.<br>**1)** 2006 ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ആക്റ്റ് ഭരണഘടനാ വിരുദ്ധമാണെന്ന് കാണിച്ച് തമിഴ്നാട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത OS No. 3/2006.<br>**2)** കാവേരി നദീജല ട്രൈബ്യൂണൽ വിധിയനുസരിച്ച് കേരളത്തിന് ലഭിച്ച ജലം പര്യാപ്തമല്ലാത്തതിനാൽ കൂടുതൽ ജലം ലഭിക്കുന്നതിന് കേരളം ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP (Civil) 8413/2007. |
| **(ബി)** പ്രസ്തുത കേസുകളുടെ നടത്തിപ്പിനായി ചുമതല പ്പെടുത്തി യിട്ടുള്ള അഭിഭാഷകർ ആരെല്ലാമാണ്; | **(ബി)** Original Suit (OS No. 3/2006) ൽ സുപ്രീം കോടതിയിൽ കേരളത്തിനുവേണ്ടി, സ്റ്റാന്റിംഗ് കൗൺസൽ ശ്രീ. രമേശ് ബാബുവിനു പുറമേ, മുതിർന്ന അഭിഭാഷകരായ ശ്രീ. ഹരീഷ്. എൻ. സാൽവേ, ശ്രീ. രാജീവ് ധവാൻ, ശ്രീ. മോഹൻ വി. കട്ടാർക്കി, ശ്രീ. ഗിരി എന്നിവരെ ചുമതലപ്പെടുത്തി യിട്ടുണ്ട്. SLP (Civil) 8413/2007 എന്ന കേസിൽ കേരളത്തിനു വേണ്ടി വാദിക്കാനായി സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകരായ ശ്രീ. രാജീവ് ധവാൻ, ശ്രീ. ദിനേഷ് ദ്വിവേദി, ശ്രീ. ദയൻ കൃഷ്ണൻ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| **(സി)** ഇപ്രകാരം സുപ്രീം കോടതി യിൽ നിലനിൽക്കുന്ന കേസുകളിൽ എത്രയെണ്ണത്തിൽ വിധി പ്രഖ്യാപിച്ചു; ശേഷിക്കുന്ന കേസ്സുകൾ ഏതു ഘട്ടത്തിൽ എത്തി നില്ക്കുന്നു; വിശദാംശം നൽകുമോ? | **(സി)** തമിഴ്നാട് സർക്കാർ ഫയൽ ചെയ്ത OS No. 3/2006 ബഹു. സുപ്രീം കോടതി ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്. കേരള സർക്കാർ ഫയൽ ചെയ്ത SLP (Civil) 8413/2007 കേസിൽ ഇതുവരെ വാദം തുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ